REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ സ്വന്തമായി നിർമ്മിക്കുന്ന ആദ്യ ചിപ്പ് ഈ വർഷം പുറത്തിറക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.**
- **തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും ആധാറും തമ്മിൽ ബന്ധിപ്പിക്കുന്നതിനെപ്പറ്റി തെരഞ്ഞെടുപ്പ് കമ്മീഷൻ അടുത്ത ചൊവ്വാഴ്ച ചർച്ച നടത്തും.**
- **സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ തൃശൂർ പൊലീസ് അക്കാദമിയിൽ.**
- **കുടിശ്ശികയായിരുന്ന LSS /USS സ്കോളർഷിപ്പ് തുക വിതരണം ചെയ്തതായി മന്ത്രി V ശിവൻകുട്ടി.**
- **വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം മുംബൈ ഇന്ത്യൻസിന്.**

## വാർത്തകൾ വിശദമായി

ഇന്ത്യ സ്വന്തമായി നിർമ്മിക്കുന്ന ആദ്യ ചിപ്പ് ഈ വർഷം പുറത്തിറക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ചെന്നൈയിൽ IIT വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്...

.......വോയ്സ്......

അടുത്ത രണ്ട് വർഷംകൊണ്ട് ഇന്ത്യൻ നിർമ്മിതമായ നാല് ചിപ്പുകൾ ലോകത്തെവിടേയും വിതരണം ചെയ്യാൻ ഇന്ത്യക്ക് കഴിയുമെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു. ടെസ്ലയും ഫോക്സ് വാഗണുമുൾപ്പെടെ കമ്പനികൾക്ക് ചിപ്പുകൾ ഇന്ത്യക്ക് നൽകാനാകും. അഞ്ച് സെമികണ്ടക്ടറുകളുടെ നിർമ്മാണം

അവസാന ഘട്ടത്തിലാണെന്നും കേന്ദ്രമന്ത്രി വെളിപ്പെടുത്തി. നിർമ്മിത ബുദ്ധി മേഖലയുടെ വികസനത്തിന് കേന്ദ്രം പതിനായിരം കോടി രൂപ നീക്കി വെച്ചിട്ടുണ്ടെന്നും അശ്വനി വൈഷ്ണവ് പറഞ്ഞു.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി - WAVES മെയ് ഒന്നിന് മുംബൈയിൽ ആരംഭിക്കും. ഈ മേഖലകളിലെ വിദഗ്ധരെ ഒരേ വേദിയിൽ കൊണ്ടുവന്ന് ഭാവി വ്യവസായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി കാഴ്ചപ്പാടുകൾ ഉച്ചകോടി രൂപീകരിക്കും.  മാധ്യമ വിനോദ മേഖലകളിലെ വൻ മുന്നേറ്റം ലക്ഷ്യമിടുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രത്യേക താൽപര്യ പ്രകാരമാണ് WAVES പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ലോക പ്രശസ്ത കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും പോഡ്കാസ്റ്ററുമായ ലെക്സ് ഫ്രിഡ്മാൻ നടത്തിയ അഭിമുഖം ഇന്ന് സംപ്രേക്ഷണം ചെയ്യും.  തികച്ചും ആകർഷകമായ ഈ പരിപാടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി എല്ലാവരേയും സ്വാഗതം ചെയ്തു. മൂന്ന് മണിക്കൂർ നീളുന്ന പോഡ്കാസ്റ്റ്  നരേന്ദ്രമോദിയുടെ ബാല്യം, ഹിമാലയത്തിൽ കഴിഞ്ഞ നാളുകൾ, പൊതു ജീവിതം എന്നിവയിലേക്ക് വെളിച്ചം വീശുന്നതാണ്.

✪✪✪

തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും ആധാർ കാർഡും തമ്മിൽ ബന്ധിപ്പിക്കുന്നതിനെപ്പറ്റി അടുത്ത ചൊവ്വാഴ്ച മുതിർന്ന ഉദ്യോഗസ്ഥരുമായി മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാർ ചർച്ച നടത്തും. ആഭ്യന്തര നിയമനിർമാണ സെക്രട്ടറിമാർ യുണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ CEO തുടങ്ങിയവർ  ഡൽഹിയിലെ ഉന്നത തല യോഗത്തിൽ പങ്കെടുക്കും.

✪✪✪

ആമസോണും, ഫ്ലിപ്കാർട്ടും ഉൾപ്പെടെ പ്രമുഖ ഇ-കൊമേഴ്സ് സ്ഥാപനങ്ങളുടെ സംഭരണകേന്ദ്രങ്ങളിൽ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് പരിശോധന നടത്തി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയ്സ്......

സുരക്ഷിതമല്ലാത്തതും സാക്ഷ്യപ്പെടുത്താത്തതുമായ ഉൽപ്പന്നങ്ങളുടെ വിതരണം തടയുക എന്ന ലക്ഷ്യത്തോടെയായിരുന്നു ബ്യൂറോയുടെ

പരിശോധന. ISI അടക്കം ഗുണമേന്മ സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത നിരവധി ഉത്പന്നങ്ങൾ പരിശോധനയിൽ പിടിച്ചെടുത്തു.

BIS സർട്ടിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ സാക്ഷ്യപ്പെടുത്താത്ത നിരവധി ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ടെന്ന് BIS കണ്ടെത്തിയിരുന്നു.

✪✪✪

പാലക്കാട് ജില്ലയിൽ രണ്ടിടങ്ങളിൽ നിന്ന് ലഹരി വിരുദ്ധ സ്ക്വാഡ് 14 കിലോ കഞ്ചാവ് പിടികൂടി. സംഭവത്തോട് ബന്ധപ്പെട്ട് പശ്ചിമ ബംഗാൾ സ്വദേശികളായ ദമ്പതികളും ഒഡിഷ സ്വദേശികളായ രണ്ട് യുവാക്കളും പിടിയിലായി.

✪✪✪

കോഴിക്കോട്ട് മയക്കുമരുന്ന് വിൽപ്പനക്കാരനെ NDPS നിയമപ്രകാരം കരുതൽ തടങ്കലിലാക്കി. താമരശ്ശേരി കക്കാട് സ്വദേശി അഷ്കറാണ് നടപടി നേരിട്ടത്. പല തവണയായി 25 ലക്ഷത്തിൽപരം രൂപയുടെ MDMA കടത്തിയതിന് ഇയാൾക്കെതിരെ കേസ് നിലവിലുണ്ട്.

✪✪✪

2028- ഓടെ ജർമ്മനിയെ മറികടന്ന് ഇന്ത്യ ലോകത്തെ മൂന്നാമത് വൻ സാമ്പത്തിക ശക്തിയായി മാറുമെന്ന് ആഗോള സാമ്പത്തിക സേവന സ്ഥാപനം മോർഗൻ സ്റ്റാൻലി റിപ്പോർട്ടിൽ പറയുന്നു. 2028 ൽ 5.7 ട്രില്യൺ ഡോളറായിരിക്കും ഇന്ത്യൻ സമ്പദ് മേഖലയുടെ മൂല്യമെന്ന് വിലയിരുത്തുന്നു.

✪✪✪

തൃശൂർ രാമവർമപുരം കേരള പൊലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ നടത്തും. അക്കാഡമി പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

✪✪✪

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടുന്ന പ്രസ്ഥാനം എന്ന നിലയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ പുതിയ തലങ്ങളിലേക്ക് ഉയരുകയാണെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. DYSP/ACP ഓഫിസുകളിൽ കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനം പാലക്കാട്ട് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിൽ കുടുംബശ്രീ മുഖ്യപങ്ക് വഹിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പൊലീസ് സ്റ്റേഷനിൽ എത്തുന്നവരിൽ ആവശ്യക്കാർക്ക്

കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർ വഴി മാനസിക പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സെന്ററുകൾ ആരംഭിച്ചത്.

✪✪✪

2017 മുതൽ 2025 അധ്യയന വർഷം വരെ കുടിശ്ശികയായിരുന്ന LSS /USS സ്കോളർഷിപ്പു തുക വിതരണം ചെയ്തതായി മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് അറിയിച്ചു. പുതുതായി രേഖകൾ സമർപ്പിച്ചവർക്ക് അധിക വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു. 29 കോടിയോളം രൂപ ഇതുവരെ നൽകിയത്. LSS ന് 1000 രൂപയും USS ന് 1500 രൂപയുമാണ് സ്കോളർഷിപ്പ് തുക.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം മുംബൈ ഇന്ത്യൻസിന്. മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിൽ, ഡൽഹി ക്യാപിറ്റൽസിനെ എട്ട് റൺസിനാണ് അവർ തോൽപ്പിച്ചത്.

ആദ്യം ബാറ്റ് ചെയ്ത മുംബൈ ഇന്ത്യൻസ് ഏഴു വിക്കറ്റ് നഷ്ടത്തിൽ 149 റൺസെടുത്തു. മറുപടി ബാറ്റിങ്ങിൽ ഒമ്പത് വിക്കറ്റിന് 141 റൺസിന് ഡൽഹി പുറത്തായി. ഹർമൻപ്രീത് കൗർ ആണ് മത്സരത്തിലെ മികച്ച താരം.

✪✪✪

പ്രഥമ ഫിറ്റ് ഇന്ത്യ കാർണിവൽ ഇന്ന് ഡെൽഹിയിൽ തുടക്കമാകും. JLN സ്റ്റേഡിയത്തിൽ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ കാർണിവൽ ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസത്തെ ഫിറ്റ്നസ് - വെൽനസ് കാർണിവലിൽ ആരോഗ്യപൂർണവും സജീവവുമായ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുന്ന ഇനങ്ങൾ പ്രദർശിപ്പിക്കും.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിലെ എവേ മത്സരത്തിൽ ഗോകുലം കേരളക്ക് വിജയം. ഒന്നിനെതിരെ മൂന്ന് ഗോളിന് ഒഡിഷ FCയെ അവർ ഭുവനേശ്വറിൽ പരാജയപ്പെടുത്തി. ഈ മാസം 20ന് അടുത്ത മത്സരത്തിൽ ഗോകുലം കേരള ഹോപ്സ് ക്ലബിനെ നേരിടും.

✪✪✪

പത്തനംതിട്ട ഓമല്ലൂർ വയൽവാണിഭത്തിന്റെ ചരിത്രം തലമുറകൾക്ക് കണ്ട് മനസ്സിലാക്കാൻ സ്മാരകം നിർമ്മിക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. വയൽവാണിഭത്തിന്റെ ഭാഗമായി സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അടുത്ത വാണിഭത്തിന് മുൻപ് സ്മാരകം യാഥാർത്ഥ്യമാക്കുമെന്നും ഇതിനായി MLA ഫണ്ട് വിനിയോഗിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സമഗ്ര ശിക്ഷാ കേരളത്തിന്റെ പുതിയ അധ്യയന വർഷത്തെ പദ്ധതി നിർദേശത്തിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അനുമതി നൽകി. ഡൽഹിയിൽ ചേർന്ന പ്രോജക്ട് ബോർഡ് യോഗത്തിലാണ് അംഗീകാരം.

കേരളത്തിന് അർഹമായ 654 കോടി രൂപയുടെ പരിപാടിക്കും യോഗത്തിന്റെ അനുമതി ലഭിച്ചു.

✪✪✪

തെയ്യം എന്ന അനുഷ്ഠാനകലയെ സംരക്ഷിക്കാനും വരും തലമുറയെ പഠിപ്പിക്കാനും പരിപോഷിപ്പിക്കാനും സാധിക്കണമെന്ന് സ്പീക്കർ AN ഷംസീർ അഭിപ്രായപ്പെട്ടു. മാഹി കലാഗ്രാമത്തിൽ തെയ്യം കലാകാരന്മാരുടെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തെയ്യം കലാ അക്കാദമി സംഘടിപ്പിച്ച സംഗമത്തിൽ കോരപ്പുഴ മുതൽ ചന്ദ്രഗിരിപ്പുഴ വരെ കാവുകളുമായി ബന്ധപ്പെട്ട 300 ലേറെ തെയ്യം കലാകാരന്മാർ പങ്കെടുത്തു.

✪✪✪

ഈ വർഷത്തെ സംസ്ഥാനതല ട്രാൻസ്ജെൻഡർ ഫെസ്റ്റ് വർണ്ണപ്പകിട്ടിന് വൈകിട്ട് തിരുവനന്തപുരത്ത് തുടക്കമാകും. ട്രാൻസ്ജെൻഡർ സമൂഹത്തെ മുഖ്യധാരയിലേക്ക് എത്തിക്കാൻ  ലക്ഷ്യമിടുന്ന ഫെസ്റ്റ് മന്ത്രി ഡോ. R ബിന്ദു കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് - ബാലുശ്ശേരി റോഡ് വികസനത്തിന് ഏറ്റെടുത്ത  ഭൂമിയുടെ നഷ്ടപരിഹാരത്തുക മേയ് ആദ്യം മുതൽ വിതരണം ചെയ്യുമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. എട്ടു പഞ്ചായത്തുകളിലാണ് ഭൂമി ഏറ്റെടുക്കുന്നത്. 1024 പേർക്ക് 152 കോടി 60 ലക്ഷം രൂപ ഇതിനായി കിഫ്ബി അനുവദിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ ഇരിട്ടിക്കടുത്ത് പുന്നാട് അർദ്ധരാത്രിയോടെ കാറുകൾ കൂട്ടിയിടിച്ച് ഒരാൾ മരിച്ചു.  ഗായകനായ ഉളിയിൽ സ്വദേശി  ഫൈജാസ് ആണ് മരിച്ചത്. മൂന്നുപേർക്ക് പരിക്കേറ്റു.

✪✪✪

കോഴിക്കോട് പുല്ലുരാംപാറ പള്ളിപ്പടി പുഴയിൽ ഒഴുക്കിൽപ്പെട്ട് വിദ്യാർത്ഥി മരിച്ചു. പൊന്നാംകയം ' സ്വദേശി അജയ്ഷിബുവാണ് ഇന്നലെ വൈകിട്ട് അപകടത്തിൽ പെട്ടത്.

✪✪✪

ബെംഗളൂരുവിൽ മലയാളി യുവാവ് ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ ഒപ്പം താമസിച്ചിരുന്ന യുവാവിനെ കർണാടക പൊലീസ് കസ്റ്റഡിയിലെടുത്തു. തൊടുപുഴ ചിറ്റൂർ സ്വദേശി ലിബിനാണ് മരിച്ചത്. ബെംഗളൂരുവിൽ കൂടെ താമസിച്ചിരുന്ന കാഞ്ഞിരപ്പള്ളി സ്വദേശി എബിൻ ബേബിയാണ് കസ്റ്റഡിയിലായത്.

✪✪✪

കോഴിക്കോട് പുറക്കാമല ക്വാറി വിരുദ്ധസമരത്തിൽ ജനങ്ങൾ തെരുവിലിറങ്ങുമ്പോൾ മൗനം പാലിക്കുന്ന MLAയുടെ നിലപാട് പ്രതിഷേധാർഹമാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് കുറ്റപ്പെടുത്തി. നിയമസഭയിൽ വിഷയം ഉന്നയിക്കാൻ MLA ശ്രമിക്കാത്തത് പ്രതിഷേധാർഹമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പുറക്കാമല ബഹുജന മാർച്ചും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു MT രമേശ്.

✪✪✪

MG.സർവകലാശാല കലോത്സവം 'ദസ്തക്- അണ്ടിൽ ലാസ്റ്റ് ബ്രീത്ത്' നാളെ തൊടുപുഴയിൽ ആരംഭിക്കും. അൽ-അസ്ഹർ ക്യാമ്പസിൽ ഞായറാഴ്ച വരെയാണ് പരിപാടി. 278 കോളേജുകളിലെ 6,400-ഓളം മത്സരാർത്ഥികൾ പങ്കെടുക്കും. നാളെ വൈകീട്ട് എഴുത്തുകാരൻ PV.ഷാജികുമാർ കലോത്സവം ഉദ്ഘാടനംചെയ്യും. സിനിമാതാരം ആസിഫ് അലി 23-ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

✪✪✪

ഇടുക്കി വണ്ടിപ്പെരിയാർ ഗ്രാമ്പിയിലെ കടുവയെ മയക്കുവെടി വെച്ച് പിടികൂടാൻ ദൗത്യം രാവിലെ പുനരാരംഭിക്കും. വെറ്റിനറി സർജൻ ഡോ. അനുരാജ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഇന്നലെ കടുവയെ കണ്ടെത്തിയെങ്കിലും മയക്ക് വെടിവെയ്ക്കാൻ കഴിഞ്ഞില്ല. കാലിന് പരിക്കേറ്റ കടുവയെ പിടി കൂടി ചികിത്സ നൽകാനാണ് തീരുമാനം.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team: അബ്ദുൾ കബീർ, നിമിഷ ജി*
*DEO: സുബോധ് സി കെ*